# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2125 18.06.2013-ൽ മറുപടിയ്ക്ക്**

**പദ്ധതികൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ യഥാർത്ഥ തുക**

**ചോദ്യം** **ഉത്തരം**

ഡോ. കെ.ടി. ജലീൽ

ശ്രീ.കെ.എം. മാണി
ബഹു: ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി

| | ചോദ്യം | ഉത്തരം |
|---|---|---|
| എ) | 2013-14 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള താഴെപ്പറയുന്ന പദ്ധതികൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ യഥാർത്ഥ തുക എത്രയാണെന്നു വെളിപ്പെടുത്താമോ; തീരദേശ വികസന പദ്ധതി, മത്സ്യ ബന്ധന മാസ്റ്റർ പ്ളാൻ, വയനാട് പാക്കേജ്, ഇടുക്കി പാക്കേജ്, കൊച്ചി മെട്രോ, തിരുവനന്തപുരം/കോഴിക്കോട് മോണോ റെയിൽ, കണ്ണൂർ വിമാനത്താവളം, വിഴിഞ്ഞം അന്താരാഷ്ട്ര കണ്ടെയ്നർ ടെർമിനൽ, ഉൾനാടൻ ജലഗതാഗതം, മുല്ലപ്പെരിയാർ | 2013-14 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കൊച്ചി മെട്രോ പദ്ധതിയ്ക്ക് പ്രതീക്ഷിക്കുന്ന ചെലവ് 5182.00 കോടി രൂപയാണ്. വിഴിഞ്ഞം അന്താരാഷ്ട്ര ടെർമിനലിന് 4010.00 കോടിയും മുല്ലപെരിയാർ അണക്കെട്ടിന് 663.00 കോടിയും ചെലവ് പ്രതീക്ഷിക്കുന്നു. ഇടുക്കി പാക്കേജിന് 765 കോടി രൂപയും കണ്ണൂർ വിമാനത്താവളത്തിന് 1414 കോടിയും ചെലവ് പ്രതീക്ഷിക്കുന്നു. കോഴിക്കോട്, തിരുവനന്തപുരം മോണോ റെയിൽ പദ്ധതിക്ക് യഥാക്രമം 1991കോടിയും 3590 കോടി രൂപയുമാണ് ചെലവ് പ്രതീക്ഷിക്കുന്നത്. ഉൾനാടൻ ജലഗതാഗതം, ദേശീയ ജലപാത എന്നീ പദ്ധതികൾ കാലപരിധി നിശ്ചയിച്ച പ്രത്യേക പദ്ധതികളല്ല.<br>തീരദേശ വികസന പദ്ധതി, മത്സ്യ ബന്ധന ഗ്രാമങ്ങളുടെ സംയോജിത വികസനം, ശബ |

| | | |
|---|---|---|
| | അണക്കെട്ട്, സ്മാർട്ട് സിറ്റി, ദേശീയ ജലപാത, മലയോര വികസന അതോറിറ്റി | രിമല മാസ്റ്റർ പ്ളാൻ, വയനാട് പാക്കേജ്, സ്മാർട്ട് സിറ്റി എന്നീ പദ്ധതികൾ പൂർത്തീകരിക്കാൻ ആവശ്യമായ യഥാർത്ഥ തുകയുടെ വിവരം ലഭ്യമല്ല. മലയോര വികസന അതോറിറ്റി പദ്ധതിയുടെ യഥാർത്ഥ അടങ്കൽ തുക കണക്കാക്കിയിട്ടില്ല. |
| ബി) | പ്രസ്തുത പദ്ധതികളുടെ പൂർത്തീകരണത്തിനാവശ്യമായി കണക്കാക്കപ്പെട്ട തുകയുടെ എത്ര ശതമാനം വീതമാണ് വാർഷിക പദ്ധതിയിലെ വിഹിതങ്ങൾ; | 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിൽ വിഴിഞ്ഞം പദ്ധതിയ്ക്ക് വേണ്ടി യഥാക്രമം 145.00 കോടി രൂപയും 223.68 കോടി രൂപയുമാണ് സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയത്. ഇത് ഒന്നാം ഘട്ട പദ്ധതി ചെലവിന്റെ 3.6% ഉം 5.6% ആണ്. മുല്ലപ്പെരിയാർ അണക്കെട്ട് പദ്ധതിയ്ക്ക് 2011-12 വർഷം വകയിരുത്തിയിരുന്ന 5.00 കോടിരൂപ, കണക്കാക്കപ്പെട്ട ചെലവിന്റെ 0.75 % ആണ്. 2012-13 വർഷം 50.00 കോടിരൂപ വകയിരുത്തിയിരുന്നു. ഇത് കണക്കാക്കപ്പെട്ട ചെലവിന്റെ 7.54 % ആണ്. മറ്റ് പദ്ധതികളുടെ ശതമാന കണക്ക് ലഭ്യമല്ല.<br>2013-14 സാമ്പത്തിക വർഷം വിഴിഞ്ഞം അന്താരാഷ്ട്ര ടെർമിനൽ, കണ്ണൂർ വിമാനത്താവളം, തിരു/കോഴിക്കോട് മോണോ റെയിൽ, കൊച്ചി മെട്രോ എന്നീ പദ്ധതികളുടെ നടത്തിപ്പിന് ആവശ്യമായി വരുന്ന തുക വൻകിട അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കായി "5475- 800-92" കണക്കിനത്തിൽ വകയിരുത്തിയിട്ടുള്ള 846.03 കോടി രുപയിൽ നിന്ന് അനുവദിക്കാവുന്നതാണ്. പ്രസ്തുത വിഹിതത്തിൽ നിന്ന് അനുവദിക്കുന്ന തുകയുടെ അടിസ്ഥാനത്തിൽ മാത്രമെ 2013-14 ലെ പദ്ധതി വിഹിതത്തിന്റെ ശതമാന കണക്ക് തിട്ടപ്പെടുത്താനാകൂ. |

| | | |
|---|---|---|
| സി) | ഈ പദ്ധതികൾക്കായി നാളിതുവരെ ഓരോ വർഷവും ചെലവഴിക്കപ്പെട്ട തുക എത്ര വീതം ? | അനുബന്ധമായി ചേർത്തിരിക്കുന്നു. |

Rejani

സെക്ഷൻ ഓഫീസർ

| അനുബന്ധം -1 | | | | | | | തുക കോടിയിൽ |
|---|---|---|---|---|---|---|---|
| | 2006-07 | 2007-08 | 2008-09 | 2009-10 | 2010-11 | 2011-12 | 2012-13 |
| തീരദേശ വികസന പദ്ധതി | | | | | | 5.00 | |
| ശബരിമല മാസ്റ്റർ പ്ളാൻ | | | | | | 15.00 | 25.00 |
| വയനാട് പാക്കേജ് | | | | | | | 22.53 |
| കൊച്ചിമെട്രോ | | | | | | 85.49 | 394.68 |
| കണ്ണൂർ വിമാനത്താവളം | | | | | | 47.21 | 238.78 |
| വിഴിഞ്ഞം അന്താരാഷ്ട്ര ടെർമിനൽ | 8.00 | 7.12 | 25.7 | 25.6 | 140.26 | 226.46 | 223.68 |
| മുല്ലപ്പെരിയാർ അണക്കെട്ട് | | 0.006 | 0.19 | 0.24 | 0.28 | 0.13 | 0.03 |
| മലയോര വികസന അതോറിറ്റി | | | | | | 1.00 | 36.30 |

Rejani

സെക്ഷൻ ഓഫീസർ